"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭാരത അന്താരാഷ്ട്ര വ്യാപാരമേള - **2026,** ന്യൂ ഡൽഹി - മേളയിൽ പങ്കെടുക്കുന്നതിന് അനുമതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ നിരക്കിൽ സമാഹരിക്കുന്നതിന് അനുമതിയും ടി തുക നൽകുന്നതിന് യഥേഷ്ടാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്

സ.ഉ.(സാധാ) നം.**2091/2026/LSGD** തീയതി,തിരുവനന്തപുരം, **04-11-2026**

പരാമർശം:- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **23.10.2026** തീയതിയിലെ **LSGD/PD/35544/2026-GEB4** നമ്പർ കത്ത്

ഉത്തരവ്

2026 നവംബർ **14** മുതൽ **27** വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ **(India International Trade Fair – IITF 2026)** പങ്കെടുക്കുന്നതിന് അനുമതിയും ടി മേളയുടെ കേരള പവലിയനിൽ തീം ഏരിയയും, കൊമേഴ്സ്യൽ ഏര്യയും തയ്യാറാക്കുന്നതിനുള്ള സർക്കാർ അനുമതിയും ആയതിന്റെ ആവശ്യത്തിനായി തുക ചിലവഴിക്കാനുള്ള അനുമതിയും ഇതിനായി ഏകദേശം ₹**12,00,000/-** (പന്ത്രണ്ട് ലക്ഷം രൂപ) ചെലവ് പ്രതീക്ഷിക്കുന്നതായും പ്രസ്തുത തുക കണ്ടെത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും **1000/-** രൂപ വീതം സമാഹരിക്കുന്നതിനുള്ള അനുമതിയും ആയത് നൽകന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതിയും ലഭ്യമാക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഗ്രാമീണ മേഖലയിൽ വിവിധ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പ്രസ്തുത ഉൽപ്പാദന പ്രക്രിയയ്ക്ക് സഹായം നൽകുകയും പ്രോൽസാഹനം നൽകുകയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്ന

വകുപ്പിന്റെ പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിലെത്തിക്കുവാൻ ഭാരത അന്താരാഷ്ട്ര വ്യാപാരമേള ഉപയോഗപ്രദമാണെന്ന് സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വച്ച് **2026** നവംബർ **14** മുതൽ **27** വരെ നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ **(India International Trade Fair – IITF 2026)** തദ്ദേശ സ്വയംഭരണ വകുപ്പിന് പങ്കെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ടും, ടി മേളയുടെ കേരള പവലിയനിൽ തീം ഏരിയയും, കൊമേഴ്സ്യൽ ഏര്യയും തയ്യാറാക്കുന്നതിനും അതിന്റെ ആവശ്യത്തിനായി തുക ചെലവഴിക്കുന്നതിനും, പ്രസ്തുത തുക കണ്ടെത്തുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും **₹1000** (ആയിരം രൂപ മാത്രം) നിരക്കിൽ സമാഹരിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതിയും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ടി തുക ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും യഥേഷ്ടാനുമതിയും നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം
വെബ് & ന്യൂമീഡിയ ഐ & പി.ആർ വകുപ്പ്
ഡയറക്ടർ ഐ.കെ.എം, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Digitally signed by
Preetha P R
Date: 04-11-2026
18:09:11

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി